വിളയൂർ ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറി

551 [806] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളയൂർ ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള പ്രവർത്തനം എവിടെവരെയായി എന്നു വ്യക്തമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം സൗജന്യമായി നൽകാൻ വെൽഫയർ കമ്മറിയും വിളയൂർ പഞ്ചായത്തും തയ്യാറായിട്ടും ആയത് ഏറെറടുക്കാനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം ഏറെറടുത്തു ഡിസ്പെൻസറിക്കു സ്ഥിരം കെട്ടിടം ഉണ്ടാക്കാനുള്ള നടപടി ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണത്തിനുള്ള എസ്റിമേറ് തയ്യാർ ചെയ്തു ടെൻഡർ വിളിക്കുന്നതിനുള്ള നടപടികളും സ്ഥലത്തെ വെൽഫെയർ കമ്മറി നടത്തിവരികയാണ്.

(ബി) ഇതൊരു റൂറൽ ഡിസ്പെൻസറിയാണ്. 25 സെൻറു സ്ഥലവും അവിടെ ഒരു കെട്ടിടവും ഡിസ്പെൻസറിയായി നിർമ്മിച്ചു തന്നുകൊള്ളാമെന്ന വ്യവസ്ഥയിലാണ് വിളയൂർ പഞ്ചായത്തിൽ ടി ഡിസ്പെൻസറി അനുവദിക്കപ്പെട്ടത്. എന്നാൽ പഞ്ചായത്തിനു പകരം വെൽഫയർ കമ്മറിയാണ് കെട്ടിട നിർമ്മാണച്ചുമതല ഏറെറടുത്തിരിക്കുന്നത്. വ്യവസ്ഥാനുസരണം കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോഴെ കെട്ടിടവും സ്ഥലവും ഡിപ്പാർട്ടുമെൻറിനു ഏറെറടുക്കാൻ സാധിക്കുകയുള്ളു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രികളിൽ ജോലിചെയ്യുന്ന പാർട്ടൈം ജീവനക്കാർ

552 [807] ശ്രീ. കെ.പി. നൂറുദ്ദീൻ:

,, സി.പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരളത്തിലെ ആശുപത്രികളിൽ ജോലിചെയ്യുന്ന പാർട്ടൈം ജീവനക്കാർ എത്ര;

(ബി) അവർക്കു ശമ്പളമായും അലവൻസായും നൽകുന്ന തുക എന്ത്;

(സി) ഇവരുടെ അവശതകൾ പരിഹരിക്കുന്നതിനായി ഗവൺമെൻറിനു എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പാർട്ട്ടൈംകാരെ മുഴുവൻടൈം ജീവനക്കാരായി നിയമിക്കുന്നതിനും യോഗ്യതയുടെ അടിസ്ഥാനത്തിൽ അർഹമായ പ്രമോഷൻ നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകളും പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ ആവശ്യങ്ങളും പരിഗണിച്ച് ഗവൺമെന്റ് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1,073 പേർ.

(ബി) മൂന്നു തരം പാർട്ട്ടൈം ജീവനക്കാർ ആരോഗ്യവകുപ്പിൽ ജോലി നോക്കുന്നു. അവരുടെ ശമ്പളവും അലവൻസും താഴെ പറയുന്ന നിരക്കിലാണ്:

	ശമ്പളം	അലവൻസ്
1.	60 രൂപ	43 രൂപ.
2.	70 രൂപ	43 രൂപ.
3.	75 രൂപ	43 രൂപ.

(സി) ഉണ്ട്. നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പെതു താല്പര്യത്തെ മുൻനിർത്തി പാർട്ട്ടൈം ജീവനക്കാരനെ സ്ഥലം മാറിയാൽ പ്രസ്തുത ജീവനക്കാരനു ക്ലാസ് 4 ജീവനക്കാരനു അനുവദിച്ചിട്ടുള്ള യാത്രാബത്തയും ജോയിനിംഗ് ടൈമും കൊടുക്കുന്നതിനനുവദിച്ചിട്ടുണ്ട്. സ്ത്രീ ജീവനക്കാർക്ക് രണ്ടു മാസത്തെ പ്രസവകാലാവധിയും, ആ കാലത്തു പകുതി ശമ്പളവും മുഴുവൻ അലവൻസും ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു മാസത്തെ ശമ്പളരഹിത അവധിയും അനുവദിച്ചിട്ടുണ്ട്.

(ഡി) യോഗ്യതയുടെ അടിസ്ഥാനത്തിൽ അർഹമായ പ്രമോഷൻ നൽകണമെന്ന് അംഗീകൃത സംഘടനകളാവശ്യപ്പെട്ടിട്ടില്ല. പക്ഷെ, അംഗീകാരമില്ലാത്ത കേരളവനിതാ ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ള പാർട്ട്ടൈം ജീവനക്കാരെ ബേസിക്ക് ഹെൽത്ത് വർക്കർമാരായി നിയമിക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഈ ആവശ്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മലമ്പനി രോഗം

553 [808] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977.78, 78.79 വർഷങ്ങളിൽ കേരളത്തിൽ എത്രപേർക്ക് മലമ്പനിരോഗം ഉണ്ടായി;

(ബി) ഇതിൽ എത്ര പേർ മരിച്ചു;

(സി) മലമ്പനി നിർമ്മാർജ്ജനം കേരളത്തിൽ നടത്തിയിട്ടും പിന്നെയും വന്നിരിക്കുന്ന സ്ഥിതിക്ക് ഇക്കാര്യത്തിൽ കേരളം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly